കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരളാ മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - പയ്യന്നൂർ നഗരസഭയിൽ സൂപ്രണ്ട് ആയ ശ്രീ. എ. മനോജ് കുമാർ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ സമർപ്പിച്ച ഒ.എ. നം. 1968/2017 ൽ 19.10.2017 ലെ വിധിന്യായം - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്

സ.ഉ.(സാധാ) നം. 3977/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 11.12.2017.

---

പരാമർശം :
1. പയ്യന്നൂർ നഗരസഭയിൽ ജൂനിയർ സൂപ്രണ്ട് ആയ ശ്രീ. മനോജ് കുമാർ സർക്കാരിൽ സമർപ്പിച്ച 09.10.2017 തീയതിയിലെ അപേക്ഷ. (Annexure A6)
2. ശ്രീ. മനോജ് കുമാർ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. നം. 1968/2017 ൽ 19.10.2017 തീയതിയിലുണ്ടായ വിധിന്യായം.
3. നഗരകാര്യ ഡയറക്ടറുടെ 21.11.2017 തീയതിയിലെ ഇ 6-36253/17 നമ്പർ കത്ത്.

## **<u>ഉത്തരവ്</u>**

മുനിസിപ്പൽ കോമൺ സർവ്വീസിൽ പയ്യന്നൂർ നഗരസഭയിൽ സൂപ്രണ്ട് ആയ ശ്രീ. മനോജ് കുമാറിനെ നഗരകാര്യ ഡയറക്ടറുടെ പൊതു സ്ഥലംമാറ്റ ഉത്തരവിൽ, ടിയാൻ അപേക്ഷ നൽകിയ കൊല്ലം ജില്ലയിലേയ്ക്ക് പരിഗണിക്കാതിരുന്നതിനെതിരെ ടിയാൾ സർക്കാരിൽ പരാമർശം 1 പ്രകാരം അപേക്ഷ നൽകുകയുണ്ടായി. കൊല്ലം ജില്ലയിൽ സ്ഥിരതാമസക്കാരനായ തനിയ്ക്ക് വീട്ടിൽ നിന്നും പോയി വരാവുന്ന ഏതെങ്കിലും സ്റ്റേഷനിലേയ്ക്ക് സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് പൊതുസ്ഥലംമാറ്റ ഉത്തരവിൽ പരിഗണിച്ചില്ലായെന്നും ആയതിനാൽ നിയമാനുസൃതം തനിയ്ക്ക് ലഭിക്കേണ്ട സ്ഥലംമാറ്റം നൽകി തന്റെ പരാതിയ്ക്ക് പരിഹാരം കാണണമെന്നും ശ്രീ.മനോജ് കുമാർ അപേക്ഷിക്കുകയുണ്ടായി.

2. ഇതേ ആവശ്യമുന്നയിച്ച് ശ്രീ. മനോജ്കുമാർ. സി. ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ. നം. 1968/2017 ൽ 19.10.2017 തീയതിയിലെ പരാമർശം 2 പ്രകാരമുള്ള ഉത്തരവിൽ ടിയാന്റെ Annexure A6

അപേക്ഷ, സർക്കാർ പരിശോധിക്കുകയും ടിയാനെ നേരിൽകേട്ട് 6 ആഴ്ചയ്ക്കുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കണമെന്നും നിർദ്ദേശിച്ചിരുന്നു.

3. ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ നിർദ്ദേശ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി 21.11.2017 ന് ശ്രീ. മനോജ് കുമാർ. സി. യെ നേരിൽ കേൾക്കുകയുണ്ടായി. നേരിൽകേട്ട അവസരത്തിൽ, ടിയാളുടെ വാദങ്ങൾ പ്രകാരം, പയ്യന്നൂർ നഗരസഭയിൽ ജോലി ചെയ്യുന്നത് ബുദ്ധിമുട്ടാണെന്നും വാർദ്ധക്യത്തിലെത്തിയ മാതാവ്, 8, 12 വയസ്സുകളുള്ള പെൺമക്കൾ, ഭാര്യ എന്നിവരുടെ സംരക്ഷണത്തിന്റെ ഭാഗമായി വീട്ടിൽ നിന്നും പോയി വരാവുന്ന ഏതെങ്കിലും സ്റ്റേഷനിലേയ്ക്ക് സ്ഥലംമാറ്റം നൽകണമെന്ന് അപേക്ഷിച്ചുവെങ്കിലും പരിഗണിച്ചില്ല എന്നും 2017-ലെ പൊതു സ്ഥലംമാറ്റ പട്ടികയിൽ കൊല്ലം കോർപ്പറേഷൻ, കരുനാഗപ്പള്ളി, കൊട്ടാരക്കര മുനിസിപ്പാലിറ്റികളിൽ ഓപ്ഷൻ നൽകിയെങ്കിലും അന്തിമലിസ്റ്റിൽ തന്റെ പേര് ഉൾപ്പെടുത്തിയിരുന്നില്ല എന്നും അറിയിക്കുകയുണ്ടായി. ഇത് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ആയതിനാൽ നിയമാനുസൃതം തനിയ്ക്ക് ലഭിക്കേണ്ട സ്ഥലംമാറ്റം നൽകി തന്റെ പരാതിക്ക് പരിഹാരം കാണണമെന്നും കൊല്ലം, കരുനാഗപ്പള്ളി, കൊട്ടാരക്കര എന്നീ സ്റ്റേഷനുകളിലോ, വീട്ടിൽ നിന്ന് പോയി വരാവുന്ന ദൂരത്തുള്ള ഏതെങ്കിലും സ്റ്റേഷനിലേക്കോ മാറ്റം നൽകണമെന്നും അപേക്ഷിച്ചു.

4. നഗരകാര്യ ഡയറക്ടറുടെ പരാമർശം 3 പ്രകാരമുള്ള റിപ്പോർട്ടിന്റേയും, നേരിൽകേട്ട സമയത്തെ ശ്രീ. മനോജ്കുമാറിന്റെ വാദങ്ങളുടെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. മനോജ്കുമാർ. സി. പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ നൽകുകയും കൃ ലിസ്റ്റിൽ കൊല്ലം നഗരസഭയിൽ 11-ാമതായും കരുനാഗപ്പള്ളി നഗരസഭയിൽ 4-ാമതായും കൊട്ടാരക്കര നഗരസഭയിൽ 3-ാമതായും ഉൾപ്പെടുകയുണ്ടായി. കൊല്ലം കോർപ്പറേഷനിൽ കൃ ലിസ്റ്റിലുള്ള 8-ാമത്തെ ആൾക്കുവരെയാണ് സ്ഥലംമാറ്റം നൽകിയിരുന്നത്. ആയതിനാൽ 11-ാം സ്ഥാനക്കാരനായിരുന്ന ശ്രീ. മനോജ്കുമാറിനെ കൊല്ലം നഗരസഭയിൽ സ്ഥലംമാറ്റത്തിന് പരിഗണിക്കാൻ സാധിച്ചിരുന്നില്ല. നഗരകാര്യ ഡയറക്ടറുടെ 14.08.2017-ലെ ഇ 6/16357/16(2)-ാം നമ്പർ (പുന:പരിശോധനാ വിധേയനാക്കിക്കൊണ്ടുള്ള ഉത്തരവ്) പ്രകാരം കരുനാഗപ്പള്ളി നഗരസഭയിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. സുനു. ആർ നെ ആലപ്പുഴ നഗരസഭയിൽ മാറ്റി നിയമിച്ചതു മൂലമുണ്ടായ ഒഴിവിലേയ്ക്ക് ശ്രീ. മനോജ്കുമാറിനെ സ്ഥലം മാറ്റിക്കൊണ്ടുള്ള കരട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ശ്രീ. ആർ . സുനുവിന്റെ സ്ഥലംമാറ്റം ഒഴിവാക്കേണ്ടതായി വരികയും തത്ഫലമായി കരുനാഗപ്പള്ളി നഗരസഭയിൽ ഒഴിവില്ലാത്ത സാഹചര്യം ഉണ്ടാവുകയും ചെയ്തു. ആയതിനാലാണ് ശ്രീ. മനോജ് കുമാറിന്റെ കരുനാഗപ്പള്ളി നഗരസഭയിലേയ്ക്കുള്ള സ്ഥലംമാറ്റം ഒഴിവാക്കേണ്ട സാഹചര്യം ഉണ്ടായത്. കൊട്ടാരക്കര നഗരസഭയിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.

എൻ. ഉഷാകുമാരി അംഗപരിമിതയായതിനാലാണ് ടിയാളെ പുന:പരിശോധനയിൽ ഉൾപ്പെടുത്തി ദൂരെയുള്ള നഗരസഭകളിലേയ്ക്ക് സ്ഥലംമാറ്റാതിരുന്നത്. ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ടുവന്നുവെങ്കിലും ലിസ്റ്റിൽ ഉൾപ്പെട്ട മൂന്നു സ്ഥലങ്ങളിലും ഒഴിവില്ലാത്തതിനാലാണ് സ്ഥലംമാറ്റം നൽകുന്നതിന് സാധിക്കാതിരുന്നത് എന്ന് ഡയറക്ടറുടെ റിപ്പോർട്ടിൽ നിന്നും കാണുന്നു. ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ട കൊല്ലം കോർപ്പറേഷനിൽ പതിനൊന്നാമനാണ്. എട്ടാം സ്ഥാനംവരെയുള്ളവർക്ക സ്ഥലംമാറ്റം നൽകിയിട്ടുണ്ട്. കരുനാഗപ്പള്ളിയിൽ ഇപ്പോൾ ഒഴിവില്ല. കൊട്ടാരക്കര നഗരസഭയിൽ മുൻഗണനാ വിഭാഗത്തിലുള്ള ഉഷാകുമാരിയെന്നയാൾക്ക് നിയമനം നല്കിയിട്ടുണ്ട്. വീട്ടിൽ നിന്നും പോയിവരാവുന്ന ദൂരത്തുള്ള ഏതെങ്കിലും സ്ഥലത്തേയ്ക്ക് സ്ഥലംമാറ്റം വേണമെന്ന ആവശ്യവും പരിഗണിക്കുകയുണ്ടായി. സ്ഥലംമാറ്റത്തിനു മുൻഗണന അർഹിക്കുന്നവർക്കൊഴികെ മറ്റു വിഭാഗങ്ങൾക്ക് അവർ ആവശ്യപ്പെടുന്ന സൗകര്യപ്രദമായ സ്ഥലങ്ങളിൽ നിയമനം നൽകുന്നതിന് സ്ഥലംമാറ്റം സംബന്ധിച്ച മാനദണ്ഡങ്ങളിൽ വ്യവസ്ഥ കാണുന്നില്ല.

5. മേൽ സാഹചര്യത്തിൽ പൊതുസ്ഥലംമാറ്റ സമയത്തു നൽകിയിരുന്ന ഓപ്ഷൻ അടിസ്ഥാനമാക്കി സ്ഥലംമാറ്റത്തിന് അർഹതയുണ്ടെങ്കിൽ മാനദണ്ഡമനുസരിച്ച് ഒഴിവിന്റെ അടിസ്ഥാനത്തിൽ, സ്ഥലംമാറ്റം നൽകുന്നതിന് നഗരകാര്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകി ശ്രീ. സി. മനോജ് കുമാറിന്റെ Annexure 6 അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

6. ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 2 പ്രകാരമുള്ള നിർദ്ദേശം മേൽപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്,**

**അഡീഷണൽ സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം ( ആമുഖ കത്ത് സഹിതം)
ഡയറക്ടർ, കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ.മനോജ്കുമാർ.സി, സൂപ്രണ്ട്, പയ്യന്നൂർ നഗരസഭ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**